# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1053 | 25/01/2018 - ൽ മറുപടിക്ക്

## ക്യാൻസർ പരിചരണ (നിർണയ) കേന്ദ്രം പുന:സ്ഥാപിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ പ്രവർത്തിച്ച വന്ന ക്യാൻസർ പരിചരണ (നിർണയ) കേന്ദ്രം പുന:സ്ഥാപിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രം പുനഃസ്ഥാപിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. |
| (ബി) | പതിനാറ് വർഷം ആശുപത്രിയിൽ സേവനമനുഷ്ഠിച്ച നേഴ്സുമാർക്ക് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സ്ഥാനക്കയറ്റം നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | എഴുകോൺ ഇ.എസ്.ഐ. ആശുപത്രി ഇ.എസ്.ഐ കോർപ്പറേഷന്റെ പരിധിയിലാണ്. സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം ബെഞ്ചിൽ ഹർജി നിലവിലുണ്ട്. ഹർജിയുടെ തീർപ്പിനു വിധേയമായി മാത്രമേ ഇക്കാര്യത്തിൽ അനന്തരനടപടി സ്വീകരിക്കുവാൻ കഴിയൂ |

സെക്ഷൻ ഓഫീസർ